ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സെൻട്രൽ ആക്ട് അനുസരിച്ചാണ്.

Sri. A. P. Udayabhanu: There was a proposal to fix the minimum wages for Coir Industry. Was it under the Central Act or the State Act?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഇവിടത്തെ ആക്റ്റ് അനുസരിച്ചാണെന്നാണു് തോന്നുന്നതു്.

സാഹിബ് ബഹദൂർ ടി. എ. മൈദീൻകുഞ്ഞു്: തൊഴിലാളികളുടെ പരാതികൾ കിട്ടിയാൽ വേണ്ട നടപടികൾ നടത്തുന്നതാണെന്നു് പറഞ്ഞതു് ആലുവായിൽ ചെയ്ത നടപടികളാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ വിധത്തിലുള്ള നടപടികൾ വേണ്ടിവന്നാൽ അതും ചെയ്യും.

ശ്രീ. സി. സി. പ്രസാദ്: ആനമല ട്രിംബേർസ് സംബന്ധിച്ചു് അഡ്ജുഡിക്കേഷൻ നടത്തിയിട്ടുള്ളതായി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

കർഷകതൊഴിലാളികൾ

*നു വ 8. (നു൩) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ലേബർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

അസംഘടിതരും കുലിവേലക്കാരുമായ കർഷകതൊഴിലാളികളുടെ നന്മയെ കരുതി ഇതിനകം ഈ ഗവൺമെണ്ടു് എന്തെല്ലാം നടപടികൾ അംഗീകരിച്ചിട്ടുണ്ടു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): കർഷകതൊഴിലാളികളുടെ തൊഴിൽ തർക്കങ്ങളിൽ ലേബർ ഡിപ്പാർട്ടുമെണ്ടിലെ കൺസിലിയേഷൻ ഉദ്യോഗസ്ഥന്മാർ ഇടപെടുന്നുണ്ടു്. കൂട്ടനാട്ടിൽ ചമ്പക്കുളത്തു് ലേബർ ഡിപ്പാർട്ടുമെണ്ടിന്റെ ആഭിമുഖ്യത്തിൽ ഒരു വെൽഫെയർ കേന്ദ്രം നടത്തുന്നു. അവിടെ വായനശാല, നിശാപാഠശാല, തുടങ്ങിയവ നടത്തിവരുന്നുണ്ടു്. കർഷകതൊഴിലാളികളുടെ കുറഞ്ഞ കൂലിനിരക്കു നിശ്ചയിക്കുവാനുള്ള നിയമം പാസാക്കിയിട്ടുണ്ടു്. അതു സംബന്ധിച്ചു ഇൻഡ്യാ ഗവൺമെണ്ടു് നടത്തുന്ന പ്രാരംഭസർവ്വേയിൽ ഈ ഗവൺമെണ്ടു് പങ്കെടുത്തിട്ടുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: കൂട്ടനാടിൽ എത്ര കൂലിയാണു് നിശ്ചയിച്ചതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസ് വേണം.

ശ്രീ. പി. കെ. ഡീവർ: മദ്രാസിൽ കാർഷികതൊഴിലാളികളുടെ മിനിമം വേജസ് നിശ്ചയിച്ചുവെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എനിക്കറിവില്ല.

ശ്രീ. പി. കെ. ഡീവർ: ഈ പ്രാരംഭസർവ്വേ ജോലിയിൽ ഇവിടെയുള്ള ഉദ്യോഗസ്ഥന്മാർ കൂടി ഏർപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇവിടെയുള്ള ചില ഉദ്യോഗസ്ഥന്മാരും അതിൽ ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly